## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4710 29.6.2012-ൽ മറുപടിയ്ക്ക്

## പൗൾട്രി വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്<br>ശ്രീ.വി. പി. സജീന്ദ്രൻ<br>ശ്രീ.റ്റി. എൻ. പ്രതാപൻ<br>ശ്രീ.അൻവർ സാദത്ത് | | ശ്രീ.കെ.പി.മോഹനൻ<br>കൃഷിയും,മൃഗസംരക്ഷണവും<br>അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി | |
| എ) | സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ ; | എ) | കോഴിയിറച്ചി, കോഴിമുട്ട എന്നിവയുടെ ഉത്പാദനരംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുക, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ കോഴിവളർത്തൽ പദ്ധതികൾ നടപ്പിലാക്കുക എന്നിവയാണ് സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുന്നത്. |
| ബി) | ഈ സർക്കാരിന്റെ കാലത്ത് കോർപ്പറേഷൻ ഇപ്പോൾ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട് ; | ബി) &സി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) | ഇവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | | |

Seele

സെക്ഷൻ ഓഫീസർ

## അനുബന്ധം

### ഗ്രാമം നിറയെ കോഴികൾ പദ്ധതി

തെരഞ്ഞെടുത്ത പഞ്ചായത്തുകളിലെ പഞ്ചായത്ത് സമിതി തെരഞ്ഞെടുക്കുന്ന വനിതാ ഗുണഭോക്താകൾക്ക് ഓരോരുത്തർക്കും 5 കോഴി, 10 കിലോ തീറ്റ, 20 രൂപയുടെ മരുന്ന്, ഒരു ദിവസത്തെ പരിശീലനം (ഒരു പഞ്ചായത്തിൽ 1000 ഗുണഭോക്താക്കൾ ) എന്നിവ നൽകുന്ന പദ്ധതിയാണ് ഗ്രാമം നിറയെ കോഴികൾ.

### കോഴി വളർത്തൽ ഗ്രാമങ്ങൾ

കോഴി വളർത്തൽ ഗ്രാമങ്ങൾ എന്ന പദ്ധതി തെരഞ്ഞെടുത്ത പഞ്ചായത്തുകളിലാണ് നടപ്പാക്കുന്നത്. ഓരോ പഞ്ചായത്തിലും 2500 വനിതാ ഗുണഭോക്താക്കൾക്ക് ഓരോരുത്തർക്കും 3 കോഴികൾ, 5 കിലോ തീറ്റ. 25 രൂപയുടെ മരുന്ന് എന്നീ ക്രമത്തിലാണ് വിതരണം ചെയ്യുന്നത്.

### കെപ്കോ ഗ്രാമങ്ങൾ

കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിൽ ഒരു ഗ്രാമ പഞ്ചായത്തിൽ നിന്നും 3500 വനിതാ ഗുണഭോക്താക്കൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നു.(എ.പി.എൽ, ബി.പി.എൽ, മാനദണ്ഡമില്ലാതെ) ഒരു ഗുണഭോക്താവിന് 4 കോഴിയും, 5 കിലോ തീറ്റയും , 25 രൂപയുടെ മരുന്നും സൗജന്യമായി വിതരണം ചെയ്യുന്നു.

### കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞു പദ്ധതി

സ്കൂൾ കുട്ടികളിൽ കോഴിവളർത്തലിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും അതുവഴി മുട്ട ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതി. ഗവൺമെന്റ് /എയ്ഡഡ് സ്കൂളുകളിലെ യു.പി, എച്ച്.എസ്. വിഭാഗത്തിൽ നിന്നും 6,7,8,9 സ്റ്റാൻഡേർഡിൽ പഠിക്കുന്ന

കുട്ടികളെയാണ് ഇതിലേക്ക് തെരഞ്ഞെടുക്കുന്നത്. ഓരോ കുട്ടിക്കും 3 കോഴിയും , 3 കിലോ തീറ്റയും 20 രൂപയുടെ മരുന്നും സൗജന്യമായി വിതരണം ചെയ്യുന്നു.

## വീട്ടമ്മയുടെ അരുമക്കോഴികൾ പദ്ധതി

തിരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുഴുവൻ വീട്ടമ്മമാർക്കും 3 കോഴികളും 6 കിലോ തീറ്റയും 20 രൂപയുടെ മരുന്നും തികച്ചും സൗജന്യമായി നൽകുന്ന പദ്ധതിയാണിത്.

## കെപ്കോ നഗരപ്രിയ

നഗര പ്രദേശങ്ങളിലെ മുട്ടയുൽപാദനം വർദ്ധിപ്പിക്കുക, അടുക്കള മാലിന്യങ്ങൾ നൽകി മുട്ടയുൽപാദന ചിലവ് കുറയ്ക്കുക. മാലിന്യ സംസ്കരണത്തിന് ഒരു പരിധി വരെ സഹായിക്കുക. കോഴിവളം പച്ചക്കറി കൃഷിക്ക് ഉപയോഗപ്പെടുത്തി പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യമാക്കി കോർപ്പറേഷൻ/ മുൻസിപ്പാലിറ്റി എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ചു കൊണ്ട് സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ രൂപം നൽകിയിരിക്കുന്ന നൂതന പദ്ധതിയാണിത്. നഗര പരിധിക്കുള്ളിൽ സ്ഥിരതാമസമാക്കിയിട്ടുള്ള 6700 കുടുംബങ്ങൾക്ക് എ.പി.എൽ, ബി.പി.എൽ മാനദണ്ഡമില്ലാതെ ഓരോ ഗുണഭോക്താവിനും 5 കോഴിയും ആധുനിക രീതിയിലുള്ള കൂടും, 5 കിലോ തീറ്റയും, മരുന്നും നൽകുന്നതാണ് ഈ പദ്ധതി. ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതമായി 550 രൂപ മാത്രമേ അടയ്ക്കേണ്ടതുള്ളൂ.